**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 523**
**05.06.2018 ലെ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം :**
**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,**
**ശ്രീ.പി.ടി.തോമസ്,**
**ശ്രീ.സണ്ണി ജോസഫ്,**
**ശ്രീ.ഹൈബി ഈഡൻ**

**ഉത്തരം :**
**ഡോ.തോമസ് ഐസക്ക്**
**(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | സംസ്ഥാന സർക്കാർ ജീവനക്കാർക്കും, അധ്യാപകർക്കും ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| ബി | സർക്കാർ സ്ഥാപനങ്ങൾക്ക് പുറമെ പൊതുമേഖല സ്ഥാപനങ്ങളിലും ഈ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | 07.01.2013-ലെ സ.ഉ(പി) നം. 20/2013/ധന. സർക്കാർ ഉത്തരവ് പ്രകാരം 31.03.2013 വരെ കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന സർക്കാർ, എയ്ഡഡ്, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളിൽ എല്ലാം തന്നെ 01.04.2013 മുതൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ളതാണ്. |

| | | |
|---|---|---|
| സി | ഈ സർക്കാർ നിലവിൽ വന്ന ശേഷം ഏതെങ്കിലും മേഖലകളിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം 5 സ്ഥാപനങ്ങളിൽ കൂടി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| ഡി | സർക്കാർ ജീവനക്കാരുടെ വിഹിതമായി ഈ പദ്ധതിയിൽ ഇതുവരെ എത്ര തുക നിക്ഷേപിച്ചുവെന്നും സർക്കാർ വിഹിതമായി ഈ പദ്ധതിയിലേയ്ക്ക് അടയ്ക്കേണ്ട മാസവിഹിതം എത്രയാണെന്നും പദ്ധതി ആരംഭിച്ച 2013-ൽ പ്രതിമാസം അടയ്ക്കേണ്ടിയിരുന്ന സർക്കാർ വിഹിതം എത്രയായിരുന്നുവെന്നും വിശദമാക്കുമോ; | എൻ.എസ്.ഡി.എൽ ലഭ്യമാക്കിയിരിക്കുന്ന ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2018 ഏപ്രിൽ വരെ ജീവനക്കാരുടെ വിഹിതവും തത്തുല്യ സർക്കാർ വിഹിതവും ചേർത്ത് ആകെ 908 കോടി രൂപയാണ് പദ്ധതി പ്രകാരം അടവാക്കിയിരിക്കുന്നത്. പദ്ധതി ആരംഭിച്ച ഏപ്രിൽ 2013 മുതൽ പദ്ധതിയിൽ ഉൾപ്പെട്ട ഓരോ ജീവനക്കാരന്റേയും പെൻഷൻ അക്കൗണ്ടിലേയ്ക്ക് ജീവനക്കാരന്റെ അടിസ്ഥാനശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10% വും തത്തുല്യ സർക്കാർ വിഹിതവും ചേർന്ന തുകയാണ് പ്രതിമാസം അടവാക്കുന്നത്. |
| ഇ | പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അവർക്ക് നല്കിയിട്ടുള്ള പരിഗണനാവിഷയങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | പങ്കാളിത്ത പെൻഷൻ പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

Sreelekha

**സെക്ഷൻ ഓഫീസർ**